സൂറഃ-8

# അൽ അൻഫാൽ

يَٰٓأَيُّهَا ٱلنَّبِيُّ قُل لِّمَن فِيٓ أَيۡدِيكُم مِّنَ ٱلۡأَسۡرَىٰٓ إِن يَعۡلَمِ ٱللَّهُ فِي قُلُوبِكُمۡ خَيۡرٗا يُؤۡتِكُمۡ خَيۡرٗا مِّمَّآ أُخِذَ مِنكُمۡ وَيَغۡفِرۡ لَكُمۡۚ وَٱللَّهُ غَفُورٞ رَّحِيمٞ ﴿٧٠﴾

وَإِن يُرِيدُواْ خِيَانَتَكَ فَقَدۡ خَانُواْ ٱللَّهَ مِن قَبۡلُ فَأَمۡكَنَ مِنۡهُمۡۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٧١﴾

**70.** അല്ലയോ പ്രവാചകാ, കൈവശമുള്ള തടവുകാരോടു പറയുക. അല്ലാഹു നിങ്ങളുടെ മനസ്സിൽ നന്മയുള്ളതായി അറിയുന്നുവെങ്കിൽ, നിങ്ങളിൽനിന്നു വസൂൽ ചെയ്യപ്പെട്ടതിനേക്കാൾ വിശിഷ്ടമായത് അവൻ നിങ്ങൾക്ക് നൽകുന്നതാകുന്നു. നിങ്ങളുടെ പാപങ്ങൾ പൊറുക്കുകയും ചെയ്യും. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ.

**71.** എന്നാൽ നിന്നെ വഞ്ചിക്കാനാണ് അവരുദ്ദേശിക്കുന്നതെങ്കിൽ, സാരമില്ല. ഇതിനുമുമ്പേ അല്ലാഹുവിനെ വഞ്ചിച്ചിട്ടുണ്ടവർ. അതിന്റെ ഫലമായിട്ടാണവൻ അവരെ നിങ്ങളുടെ അധീനത്തിലാക്കിയത്. അല്ലാഹു സർവജ്ഞനും യുക്തിമാനുമല്ലോ.

يَٰٓأَيُّهَا ٱلنَّبِيُّ = അല്ലയോ പ്രവാചകാ قُل = നീ പറയുക لِّمَن فِيٓ أَيۡدِيكُم = നിങ്ങളുടെ കൈവശമുള്ളവരോട്
مِّنَ ٱلۡأَسۡرَىٰٓ = തടവുകാരിൽ إِن يَعۡلَمِ ٱللَّهُ = അല്ലാഹു അറിയുന്നുവെങ്കിൽ فِي قُلُوبِكُمۡ = നിങ്ങളുടെ മനസ്സുകളിൽ(ഉള്ളതായി)
خَيۡرٗا = നന്മ يُؤۡتِكُمۡ = അവൻ നിങ്ങൾക്കു നൽകുന്നതാകുന്നു خَيۡرٗا = നന്മ (വിശിഷ്ടമായത്)
مِّمَّآ أُخِذَ مِنكُمۡ = നിങ്ങളിൽനിന്ന് എടുക്ക(വസൂൽ ചെയ്യ)പ്പെട്ടതിനേക്കാൾ
وَيَغۡفِرۡ لَكُمۡۚ = അവൻ നിങ്ങൾക്ക്(ളുടെ പാപങ്ങൾ)പൊറുക്കുകയും ചെയ്യും وَٱللَّهُ غَفُورٞ = അല്ലാഹു ഏറെ പൊറുക്കുന്നവനും
رَّحِيمٞ = ദയാപരനുമല്ലോ وَإِن يُرِيدُواْ = എന്നാൽ അവർ ഉദ്ദേശിക്കു(ന്നത്)കയാണെങ്കിൽ
خِيَانَتَكَ = നിന്നെ വഞ്ചിക്കൽ(നിന്നെ വഞ്ചിക്കാനാണെങ്കിൽ) فَقَدۡ خَانُواْ ٱللَّهَ = അവർ തീർച്ചയായും അല്ലാഹുവിനെ വഞ്ചിച്ചിട്ടുണ്ട്
مِن قَبۡلُ = ഇതിനു മുമ്പ് فَأَمۡكَنَ مِنۡهُمۡۗ = (അതിന്റെ ഫലമായിട്ടാണ്)അവൻ അവരെ(നിങ്ങളുടെ)അധീനത്തിലാക്കി(യത്)
وَٱللَّهُ عَلِيمٌ = അല്ലാഹു സർവജ്ഞനും حَكِيمٌ = യുക്തിമാനുമല്ലോ

**70:** പിഴ വാങ്ങി വിട്ടയക്കപ്പെടുന്ന ശത്രുഭടന്മാർക്ക് ഇസ്‌ലാമിന്റെ ഭാഗത്തുനിന്നുള്ള ഒരു സാന്ത്വനവും സന്ദേശവുമാണിത്. സാരമിതാണ്: സഹോദരന്മാരേ, ബന്ധനത്തിൽനിന്നു മോചനം നേടാൻ ദ്രവ്യം നൽകേണ്ടിവന്നതിൽ ദുഃഖിക്കേണ്ട. വധിക്കപ്പെടാതെ സ്വതന്ത്രരായി നാട്ടിലേക്ക് തിരിച്ചുപോകാൻ അവസരമുണ്ടായതുതന്നെ അല്ലാഹു നിങ്ങൾക്കു ചെയ്ത വലിയ ഔദാര്യമാകുന്നു. ഈ ഔദാര്യത്തിന് നിങ്ങളിൽനിന്നുണ്ടാകേണ്ട കൃതജ്ഞത, നിങ്ങൾ ഇതുവരെ കൈക്കൊണ്ട നിലപാടുകളെയും നടപടികളെയും സത്യസന്ധമായ പുനഃപരിശോധനക്കു വിധേയമാക്കുകയാണ്. ബുദ്ധിപൂർവം നിഷ്പക്ഷമായി ആലോചിച്ച്, സ്വന്തം നിലപാടിൽ തെറ്റുണ്ടെങ്കിൽ തിരുത്താൻ തയാറാവുക. അങ്ങനെ ചെയ്യുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്ക് കൂടുതൽ ഔദാര്യം ചെയ്തുകൊണ്ടിരിക്കും. ഇപ്പോൾ മോചന ദ്രവ്യമായി ചെലവായതിനേക്കാൾ എത്രയോ വിശിഷ്ടമായ വിഭവങ്ങൾ വർധിതമായ തോതിൽ അവൻ നിങ്ങൾക്കു തന്നുകൊണ്ടിരിക്കും. മാത്രമല്ല, ഇതുവരെ നിങ്ങൾ ചെയ്തുകൂട്ടിയ പാപങ്ങളെല്ലാം പൊറുത്തു തരികയും ചെയ്യും. തുടർന്ന് നിങ്ങളുടെ ജീവിതത്തെ അവൻ സന്മാർഗത്തിലേക്കു നയിക്കും. അങ്ങനെ പരലോകത്തും നിങ്ങൾ മഹത്തായ നേട്ടങ്ങൾക്കുടമകളായിത്തീരും. തന്റെ ദാസന്മാരുടെ കുറ്റങ്ങളും കുറവുകളും വളരെയധികം പൊറുക്കുന്ന പരമദയാലുവാണവൻ.

إِن يَعْلَمِ ٱللَّهُ فِى قُلُوبِكُمْ خَيْرًا (നിങ്ങളുടെ മനസ്സുകളിൽ നന്മയുണ്ടെന്ന് അല്ലാഹു അറിയുന്നുവെങ്കിൽ) എന്ന വാക്യത്തിന് ഹൃദയങ്ങളിൽ നന്മയുണ്ടായിട്ട് അല്ലാഹു അതറിയാതെ പോയാൽ കാര്യമില്ല എന്ന് അർഥമില്ല. പ്രത്യുത ആശയമിതാണ്: നിങ്ങൾ നല്ലവരാണെന്നും മോചനം വാങ്ങി തിരിച്ചുപോകുന്നത് ഇസ്‌ലാമിനോടും മുസ്‌ലിംകളോടും സദ്വിചാരം പുലർത്തിക്കൊണ്ടാണെന്നും വെറുതെ വിളിച്ചു പറഞ്ഞതുകൊണ്ട് കാര്യമില്ല. സദ്വിചാരവും നിലപാടുകളുടെ പുനഃപരിശോധനയുമൊക്കെ നടക്കേണ്ടത് മനസ്സിലാണ്. അതാണ് മനസ്സിന്റെ നന്മ. ആ നന്മ നിങ്ങളുടെ മനസ്സിലുണ്ടെങ്കിൽ അല്ലാഹു അതറിയും. ഇല്ലെങ്കിൽ ഇല്ലെന്നും അറിയും. അവൻ എല്ലാം അറിയുന്നവനാകുന്നു.

ഈ വാക്യത്തിന്റെ സാംഗത്യത്തെക്കുറിച്ചുള്ള നിവേദനങ്ങളിൽ പറയുന്നു: പ്രവാചകന്റെ പിതൃവ്യനായ അബ്ബാസ് അദ്ദേഹത്തിന്റെ സഹോദര പുത്രന്മാരായ ഉഖൈലുബ്നു അബൂത്വാലിബ്, നൗഫൽ ഇബ്നു ഹാരിഥ് തുടങ്ങിയവർ ബദ്റിനുമുമ്പ് തന്നെ ഇസ്‌ലാമിനോടനുഭാവമുള്ളവരായിരുന്നു. തന്റെയും ഉഖൈലിന്റെയും നൗഫലിന്റെയും മോചനദ്രവ്യം ഒടുക്കിയത് അബ്ബാസ് തന്നെയായിരുന്നു. ആ സന്ദർഭത്തിൽ അദ്ദേഹം നബി(സ)യോടു പറഞ്ഞു: 'നീ എന്നെ ഖുറൈശികളോടു കൈനീട്ടാൻ ഉപേക്ഷിച്ചു കളഞ്ഞല്ലോ.' ഇതിനെ തുടർന്നാണ് ഈ സൂക്തം അവതരിച്ചത്.

ഈ സൂക്തം തന്നെക്കുറിച്ചവതരിച്ചതാണെന്നും ഇതിൽ പറഞ്ഞതുപോലെ, താൻ പിഴയായി ഒടുക്കിയതിനേക്കാൾ അനേകമിരട്ടി സമ്പത്ത് പിന്നീട് തനിക്കു ലഭിച്ച ചെട്ടിമിടുക്കുള്ള ഇരുപത് അടിമകൾ മുഖേന നടത്തിയ വ്യാപാരത്തിലൂടെ നേടാൻ കഴിഞ്ഞെന്നും അബ്ബാസ്(റ) പ്രസ്താവിച്ചതായും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

അനസ്(റ) പ്രസ്താവിച്ചതായി ഇമാം ബുഖാരി നിവേദനം ചെയ്യുന്നു: ബദ്ർ ദിവസം തടവിലാക്കപ്പെട്ടവരുടെ കൂട്ടത്തിലുണ്ടായിരുന്ന അബ്ബാസി(റ)നെ മോചനദ്രവ്യം ഈടാക്കാതെ വിട്ടയക്കണമെന്ന് ചില അൻസാരികൾ പ്രവാചകനോടപേക്ഷിക്കുകയുണ്ടായി: 'ഞങ്ങളുടെ സഹോദരി പുത്രന്റെ മോചനദ്രവ്യം ഉപേക്ഷിക്കാൻ ഞങ്ങളെ അനുവദിക്കണം' (അബ്ബാസിന്റെ മുത്തശ്ശി അൻസ്വാരികളുടെ ഗോത്രത്തിൽ പെട്ടവരായിരുന്നു). 'അദ്ദേഹത്തിന്റെ ഒറ്റ ദിർഹമും ഒഴിവാക്കരുത്' എന്നായിരുന്നു പ്രവാചകന്റെ മറുപടി.

ചില നിവേദനങ്ങളിൽ പറയുന്നതിങ്ങനെയാണ്: 40 ഊഖിയ(സ്വർണനാണയം) ആയിരുന്നു തടവുകാരുടെ പ്രതിശീർഷ മോചനദ്രവ്യം. അബ്ബാസ്(റ) ധനികനായിരുന്നതുകൊണ്ട് അദ്ദേഹത്തിനു നൂറു ഊഖിയയും ഉഖൈലിന് എൺപതു ഊഖിയയും നിശ്ചയിച്ചിരുന്നു. അതേപ്പറ്റി അദ്ദേഹം, 'പ്രവാചകനുമായി കുടുംബബന്ധമുള്ളതുകൊണ്ടാണോ തന്നോടിങ്ങനെ ചെയ്തത്' എന്ന് ചോദിക്കുകയുണ്ടായി. അപ്പോഴാണ് ഈ സൂക്തം അവതരിച്ചത്. സൂക്തത്തിലെ يُؤْتِكُمْ خَيْرًا مِّمَّآ أُخِذَ مِنكُمْ (നിങ്ങളിൽനിന്ന് വസൂൽ ചെയ്യപ്പെട്ടതിനേക്കാൾ വിശിഷ്ടമായത് നിങ്ങൾക്കുതരും) എന്ന വാക്യം കേട്ടപ്പോൾ, ഇപ്പോൾ സ്വീകരിച്ചതിന്റെ കുറേ ഇരട്ടി തന്നിൽനിന്ന് വസൂൽചെയ്യപ്പെട്ടിരുന്നെങ്കിൽ എന്ന് താൻ ആഗ്രഹിച്ചുവെന്ന് അബ്ബാസ്(റ) പ്രസ്താവിച്ചതായും നിവേദനമുണ്ട്.

ഇബ്നുൽ അറബി പറയുന്നു: തടവുകാരിൽ ചിലർ ഇസ്‌ലാമിനെക്കുറിച്ച് സംസാരിച്ചിരുന്നു. പക്ഷേ, അവരത് അസന്ദിഗ്ധമായി അംഗീകരിക്കാനോ നിശ്ചയദാർഢ്യത്തോടെ നടപ്പിലാക്കാനോ തയാറായില്ല. മുസ്‌ലിംകളോടടുക്കണം, എന്നാൽ ബഹുദൈവാരാധകരിൽനിന്ന് അകലുകയുമരുത് എന്ന മട്ടിലായിരുന്നു അവരുടെ നിലപാട്. അതെക്കുറിച്ചാണ് ഈ സൂക്തം പറയുന്നത്.

**71:** ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറിച്ച് പഞ്ചാരവാക്കുകൾ പറഞ്ഞ് തടവിൽനിന്ന് മോചനം നേടി നാട്ടിൽ ചെന്നിട്ട് അവർ നിങ്ങളെ വഞ്ചിച്ചെങ്കിലോ എന്നൊന്നും ഭയപ്പെടേണ്ട. അഥവാ വഞ്ചിച്ചാൽ തന്നെ അതു നിങ്ങളേക്കാൾ കൂടുതൽ അവർക്കു തന്നെയാണ് ആപത്താവുക. അവരുടെ നടപടിയിൽ അത്ഭുതപ്പെടേണ്ടതുമില്ല. നിന്നെക്കാൾ മുമ്പ് അല്ലാഹുവിനെ വഞ്ചിച്ചവരാണവർ. അതിന്റെ ഫലമായിട്ടാണ് അല്ലാഹു ഇപ്പോൾ അവരുടെ മേൽ നിങ്ങൾക്ക് വിജയവും ആധിപത്യവും നൽകിയത്. ഇനിയും നിന്നെ വഞ്ചിക്കുകയാണെങ്കിൽ യഥാർഥത്തിൽ അവർ വഞ്ചിക്കുന്നത് അല്ലാഹുവിനെയാണ്. അതിന്റെയും ഫലം ഇതുപോലെ വീണ്ടും അവർ നിങ്ങളുടെ അധീനത്തിലും അധികാരത്തിലും അകപ്പെടുക എന്നതു തന്നെയായിരിക്കും.

فَقَدْ خَانُوا۟ ٱللَّهَ مِن قَبْلُ (മുമ്പേ അവർ അല്ലാഹുവിനെ വഞ്ചിച്ചിട്ടുണ്ട്) എന്നു പറഞ്ഞതിലെ വഞ്ചന ഏതാണ് എന്നതു സംബന്ധിച്ച് രണ്ടഭിപ്രായമുണ്ട്. ഒന്നിതാണ്: അല്ലാഹു മക്കയെ ജനങ്ങളുടെ തീർഥാടന കേന്ദ്രമാക്കി ഖുറൈശികളെ അവിടെ അധിവസിപ്പിച്ചു. കഅ്ബയുടെ സേവകരും പരിപാലകരുമായി നിശ്ചയിച്ചു. അങ്ങനെ മുഴുവൻ അറബികളുടെയും ആദരവും പരിഗണനയും അവർക്കു നേടിക്കൊടുത്തു. മക്കയെ അഹിംസയുടെ നഗരമാക്കി. അത് ഖുറൈശികളുടെ വ്യാപാരം വികസിക്കാനിടയാക്കി. നാനാ ദിക്കുകളിൽനിന്നും എല്ലാ വിഭവങ്ങളും അവിടെയെത്തിക്കൊണ്ടിരുന്നു. ഈ അനുഗ്രഹങ്ങളെല്ലാം അരുളിയതിന്റെ പിന്നിൽ പ്രബലമായ ഒരു കരാറുണ്ടായിരുന്നു. അവരുടെ കുലപതിയായ പ്രവാചകൻ ഇബ്റാഹീമി(അ)ലൂടെ അത് സുവ്യക്തമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിനെ മാത്രം ആരാധിക്കുക, ധർമശാസനകൾ അനുസരിക്കുക, അവന്റെ ഭവനമായ കഅ്ബയെ പൈശാചികമായ എല്ലാ മാലിന്യങ്ങ

ളിൽനിന്നും ശുദ്ധീകരിച്ച് അല്ലാഹുവിനെ ആരാധിക്കുന്നവർക്കു വേണ്ടി ഒരുക്കിവെക്കുക, അരാധകർക്കുവേണ്ട സഹായങ്ങൾ നൽകുക, മസ്ജിദുൽ ഹറാമിൽ നിഷ്ഠയോടെയുള്ള നമസ്കാരം നിലനിർത്തുക. കാലാന്തരത്തിൽ ഒന്നൊന്നായി ഈ കരാറുകളെല്ലാം അവർ ലംഘിച്ചു. അല്ലാഹുവല്ലാത്തവരെ ആരാധ്യരായി സ്വീകരിച്ചു. അവരുടെ വിഗ്രഹങ്ങളുണ്ടാക്കി ഏകദൈവത്വത്തിന്റെ ഏറ്റവും വിശുദ്ധ ചിഹ്നമായ കഅ്ബയിൽ തന്നെ സ്ഥാപിച്ചു. അല്ലാഹുവിന്റെ ധർമശാസനകളെല്ലാം ധിക്കരിച്ചു. പൈശാചിക ശക്തികളുടെ ആജ്ഞാനുവർത്തികളായി വർത്തിച്ചു. അല്ലാഹുവിനെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരെ സേവിക്കുകയും സഹായിക്കുകയും ചെയ്യാൻ ബാധ്യസ്ഥരായ അവർ അല്ലാഹുവിനെ ആരാധിക്കുകയും അവനെ മാത്രമേ ആരാധിക്കാവൂ എന്നു പഠിപ്പിക്കുകയും ചെയ്യുന്നവരുടെ കൊടിയ ശത്രുക്കളായി മാറി. അല്ലാഹുവിനോട് അനുവർത്തിച്ചുവരുന്ന നഗ്നവും നികൃഷ്ടവുമായ വഞ്ചനയുടെ ഭാഗമായാണ് അവർ വിശ്വാസികളോടു പൊരുതാൻ ബദ്റിലെത്തിയതും. അതിന്റെ ഫലമായിട്ടാണ് ഇപ്പോഴവർ നിങ്ങളുടെ പിടിയിലായത്. തങ്ങൾ തുടർന്നുവന്ന ഈ വഞ്ചനയിൽനിന്നു പിന്മാറാനും തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ തിരിച്ചറിഞ്ഞ് നിറവേറ്റാനും അവർക്ക് ലഭിച്ച അവസരമാണ് ഈ മോചനം. ഈ അവസരം ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ ഇതേ ദുർഗതിയിൽ തന്നെയാണവർ വീണ്ടും വന്നു പതിക്കുക.

രണ്ട്, ഇവിടെ പ്രസ്താവിക്കുന്ന വഞ്ചന, മനുഷ്യനിൽ പ്രകൃത്യാ നിക്ഷിപ്തമായ ഉത്തരവാദിത്വത്തിന്റെ/അല്ലാഹുവുമായുള്ള കരാറിന്റെ ലംഘനമാണ്. ജനിക്കുംമുമ്പ് ഏറ്റെടുത്ത ഈ കരാറിനെ സൂറ *അൽഅഅ്റാഫ്* 172-ാം സൂക്തത്തിൽ പരാമർശിച്ചിട്ടുണ്ട്. സകലമാനമർത്യരെയും ആദി ബീജാവസ്ഥയിൽ ഉളവാക്കിയിട്ട് അല്ലാഹു ചോദിച്ചു: أَلَسْتُ بِرَبِّكُمْ (ഞാനല്ലയോ നിങ്ങളുടെ വിധാതാവ്) അവർ പറഞ്ഞു: بَلَىٰ (അതെ, നീ തന്നെയാണ് ഞങ്ങളുടെ വിധാതാവ്). മനുഷ്യൻ ഈ ലോകത്ത് സ്വീകരിക്കുന്ന സത്യനിഷേധവും ധർമനിഷേധവും ബഹുദൈവാരാധനയുമെല്ലാം ഈ കരാറിന്റെ ലംഘനമാണ്. ദൈവവുമായുള്ള കരാർ ലംഘിക്കുന്നവർ മനുഷ്യരുമായിയുണ്ടാക്കുന്ന കരാറുകൾ ലംഘിക്കുന്നതിൽ അത്ഭുതമില്ല. ദൈവത്തോടുള്ള കരാർ ലംഘനത്തിന്റെ ഭാഗമാണത്. ഇനി നിങ്ങളോടവർ വഞ്ചന കാണിക്കുകയാണെങ്കിൽ അപ്പോഴും അവരെ അതിജയിക്കാനും കീഴടക്കാനും അല്ലാഹു നിങ്ങൾക്ക് അവസരം നൽകുന്നതാണ്.

فَأَمْكَنَ مِنْهُمْ എന്നതിലെ أمكن എന്ന ക്രിയാപദം إمكان എന്ന മൂലത്തിൽനിന്നുള്ളതുമാകാം, مكان എന്ന മൂലത്തിൽനിന്നുള്ളതുമാകാം. إمكان സൗകര്യവും കഴിവുമാണ്. مكانة വിജയവും സ്ഥാനവുമാണ്. ഒരു സംഗതി കൈകാര്യം ചെയ്യാൻ കഴിവു നൽകി എന്ന അർഥത്തിൽ أمكنته من الشيئ എന്നുപറയുന്നു. مكان എന്ന മൂലത്തിൽ നിന്നുള്ളതാണ് പ്രകൃത സൂക്തത്തിലെ أمكن എന്നു കരുതുന്നതാണ് കൂടുതൽ സന്ദർഭോചിതം. അവരെ കൈകാര്യം ചെയ്യാനുള്ള പദവിയും അധികാരവും നൽകി എന്നാണ് ആശയം. أمكن-യുടെ കർത്താവിനെയും കർമത്തെയും വെളിപ്പെടുത്തിയിട്ടില്ല. കർത്താവ് അല്ലാഹുവാണെന്ന് തുടർന്ന് വരുന്ന وَٱللَّهُ عَلِيمٌ حَكِيمٌ എന്ന വാക്യത്തിൽനിന്നും കർമം പ്രവാചകനും വിശ്വാസികളുമാണെന്ന് സൂക്താരംഭത്തിലെ خِيَانَتَكَ എന്ന വാക്യത്തിൽനിന്നും വ്യക്തമാണ്. ■